ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM **DATE:25.05.2025**

പ്രധാനവാർത്തകൾ

1. ഭീകരതയ്ക്കെതിരെ പോരാടാൻ ഓപ്പറേഷൻ സിന്ദൂർ ലോകത്തിന് ആത്മവിശ്വാസം പകർന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി; കടലാസ് വേർതിരിച്ച് പുനരുപയോഗിക്കുന്നതിൽ ഏവരും പങ്കാളികളാകണമെന്നും മൻ കി ബാത്തിൽ ആഹ്വാനം.

2. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കൃത്യസമയത്ത് തന്നെ പ്രഖ്യാപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. കൊച്ചിക്ക് സമീപം പൂർണമായും മുങ്ങിയ കണ്ടെയ്നർ കപ്പലിലെ ജീവനക്കാരെ രക്ഷിച്ചു; ഇന്ധന ചോർച്ച തടയാനുള്ള നടപടികൾ ഊർജ്ജിതം; കേരളതീരത്ത് അതീവ ജാഗ്രത.

4. സംസ്ഥാനത്ത് കാലവർഷം ശക്തി പ്രാപിക്കുന്നു; വടക്കൻ ജില്ലകളിൽ ചുവപ്പ് ജാഗ്രത; വ്യാപക നാശനഷ്ടം; മത്സ്യബന്ധനത്തിന് വിലക്ക്.

5. നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പ് ജൂൺ 19ന്; വിജ്ഞാപനം നാളെ പുറത്തിറക്കും.

RNJ TVPM

6. ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 231 റൺ വിജയലക്ഷ്യം.

&&&&&&&&&&&&&&&&&&&&

മൻ കി ബാത്- ഓപ്പറേഷൻ സിന്ദൂർ (ഇൻട്രോ)

ഭീകരതയ്ക്കെതിരെ ലോകമെമ്പാടുമുള്ള പോരാട്ടത്തിന് ഓപ്പറേഷൻ സിന്ദൂർ ആത്മവിശ്വാസം പകർന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിൻറെ 122-ാം പതിപ്പിൽ രാജ്യത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂർ വെറുമൊരു സൈനിക ദൗത്യമല്ല, മറിച്ച് ദൃഢനിശ്ചയത്തിൻറേയും മാറുന്ന ഭാരതത്തിൻറെയും ചിത്രമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇതിൽ സായുധ സേന പ്രകടിപ്പിച്ച ധീരതയെ ശ്രീ മോദി പ്രശംസിച്ചു. ഇന്ത്യയിൽ നിർമ്മിച്ച ആയുധങ്ങൾ, ഉപകരണങ്ങൾ, സാങ്കേതികവിദ്യ എന്നിവ ഉപയോഗിച്ച് സൈനികർ ഭീകര താവളങ്ങൾ നശിപ്പിച്ചുവെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

(വോയിസ്)

&&&&&&&&&&&&&&&&&&&&

മൻ കി ബാത്- യോഗ ദിനം

ദൈനംദിന ജീവിതത്തിൽ യോഗ ഉൾപ്പെടുത്താൻ പ്രചോദിപ്പിക്കുന്നതാണ് അന്താരാഷ്ട്ര യോഗ ദിനാഘോഷമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജൂൺ 21 ന് വിശാഖപട്ടണത്ത് നടക്കുന്ന 'യോഗ

RNU FIVPM

ദിന' പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഓഫീസുകളും സ്ഥാപനങ്ങളും യോഗയ്ക്കായി സമയം നീക്കി വയ്ക്കുന്നതിനെ ശ്രീ മോദി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

മൻ കി ബാത്-പേപ്പർ മാലിന്യം- ഇൻട്രോ

വീടുകളിലും ഓഫീസുകളിലും പേപ്പർ വേർതിരിച്ച് അവയുടെ പുനരുപയോഗത്തിൽ ഏവരും പങ്കാളികളാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഒരു ടൺ പേപ്പർ പുനരുപയോഗിക്കുന്നതിലൂടെ 17 മരങ്ങൾ മുറിക്കുന്നതിൽ നിന്ന് സംരക്ഷിക്കുകയും ആയിരക്കണക്കിന് ലിറ്റർ വെള്ളം ലാഭിക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

KNUTVPM

&&&&&&&&&&&&&&&&&&

മൻ കി ബാത്-തേനീച്ച കൃഷി

ആരോഗ്യം, സ്വയം തൊഴിൽ, സ്വാശ്രയത്വം എന്നിവയുടെ ഉദാഹരണമാണ് ലോക തേനീച്ച ദിനാഘോഷമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പരാമർശിച്ചു. തേൻ ഉൽപാദനത്തിൽ 60 ശതമാനത്തിൻറെ വർദ്ധനവാണ് രാജ്യത്തുണ്ടായത്. തേൻ ഉൽപാദനത്തിലും കയറ്റുമതിയിലും ഇന്ത്യ ലോകത്തിലെ മുൻനിര രാജ്യങ്ങളിലൊന്നായി മാറിയതായും അദ്ദേഹം പറഞ്ഞു. തേനീച്ചകളുടെ സംരക്ഷണം പരിസ്ഥിതിക്കൊപ്പം കൃഷിയുടെയും ഭാവി തലമുറയുടെയും സംരക്ഷണവുമാണെന്ന് ശ്രീ മോദി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

ശമ്പള പരിഷ്കരണം- മുഖ്യമന്ത്രി

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കൃത്യസമയത്ത് തന്നെ പ്രഖ്യാപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എൻ.ജി.ഒ യൂണിയൻ സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 9 വർഷത്തെ കേരളത്തിന്റെ മുന്നേറ്റത്തിന് നല്ലൊരു പങ്ക് വഹിച്ചത് സർക്കാർ ജീവനക്കാരാണ്. സമൂഹിക പ്രതിബന്ധതയോട് കൂടിയുള്ള പദ്ധതികളാണ് കേരളത്തിന്റെ മുഖം മാറ്റിയതെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ജൂൺ 19ന്. വിജ്ഞാപനം നാളെയുണ്ടാകുമെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ രത്തൻ യു ഖേൽക്കർ അറിയിച്ചു. വോട്ടെണ്ണൽ ജൂൺ 23 ന് നടക്കും. എല്ലാ പോളിംഗ് സ്റ്റേഷനുകളിലും ഉപതിരഞ്ഞെടുപ്പിൽ EVM കളും വിവിപാറ്റുകളും ഉപയോഗിക്കാൻ കമ്മീഷൻ തീരുമാനിച്ചു. പി വി അൻവർ, എം. എൽ. എ. സ്ഥാനം രാജിവച്ച ഒഴിവിലാണ് നിലമ്പൂർ സീറ്റിലേക്ക് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. ഇത് കൂടാതെ ഗുജറാത്ത്, പഞ്ചാബ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനവും നാളെ പുറപ്പെടുവിക്കും.

RNU TVPM

&&&&&&&&&&&&&&&&

നിലമ്പൂർ പ്രതികരണം

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് നേരിടാൻ യു.ഡി.എഫ് സുസജ്ജമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. സ്ഥാനാർത്ഥിയെ ഉടൻ പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറവൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. നിലമ്പൂർ തിരഞ്ഞെടുപ്പ്, നഷ്ടപ്പെട്ട ദശകത്തിൻറെ ഉദാഹരണമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. കോർ കമ്മിറ്റി യോഗത്തിന് ശേഷം എൻ ഡി എ സ്ഥാനാർത്ഥിയെ തീരുമാനിക്കുമെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. അതേസമയം നിലമ്പൂരിലേത് കേരളം കാത്തിരുന്ന ഉപതെരഞ്ഞെടുപ്പ് ആണെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ കണ്ണൂരിൽ മാധ്യമങ്ങളോട് പ്രതികരിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

കൊച്ചി കപ്പൽ അപകടം

കൊച്ചിക്ക് സമീപം 38 നോട്ടിക്കൽ മൈൽ അകലെ അപകടത്തിൽപ്പെട്ട കണ്ടെയ്നർ കപ്പൽ MSC ELSA 3 പൂർണ്ണമായും മുങ്ങി. കപ്പലിലെ മുഴുവൻ ജീവനക്കാരെയും രക്ഷിച്ചു. കപ്പലിൽ നിന്നുള്ള ഇന്ധന ചോർച്ച തടയാനും നശിപ്പിക്കാനുമുള്ള നടപടികൾ ആരംഭിച്ചു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ആലപ്പുഴ, കൊല്ലം, എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ തീരങ്ങളിൽ കണ്ടെയ്നറുകൾ എത്താൻ സാധ്യത കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഏകദേശം 100 കണ്ടെയ്നറുകൾ കടലിൽ വീണതായി കരുതുന്നു. കപ്പൽ മുങ്ങിയ സ്ഥലത്ത് നിന്ന് 20 നോട്ടിക്കൽ മൈൽ ചുറ്റളവിൽ മത്സ്യബന്ധനം

നിരോധിച്ചതായും അധികൃതർ അറിയിച്ചു. തീരത്ത് അപൂർവ വസ്തുക്കൾ, കണ്ടെയ്നറുകൾ എന്നിവ കണ്ടാൽ അകലം പാലിക്കണമെന്നും, 112 എന്ന നമ്പറിൽ വിവരം അറിയിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

പാർട്ട് ടൈം കറസ്പോണ്ടന്റ്

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം അപേക്ഷകർ. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in/pbvacancies/ എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഈ മാസം 30 ആണ് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി.

&&&&&&&&&&&&&&&&&&

കാലാവസ്ഥ

സംസ്ഥാനത്ത് കാലവർഷം ശക്തി പ്രാപിക്കുന്നു. അടുത്ത അഞ്ചു ദിവസം വ്യാപക മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്നു ചുവപ്പ് ജാഗ്രതയും മറ്റു ജില്ലകളിൽ ഓറാഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചു. കേരള തീരത്ത് നാളെ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണകേന്ദ്രം അറിയിച്ചു . കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNUTVPM

&&&&&&&&&&&&&&&&&&

അവധി

ശക്തമായ മഴയെ തുടർന്ന് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, ഇടുക്കി, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും ഇൻറർവ്യൂവിനും മാറ്റമില്ല.

&&&&&&&&&&&&&&&&&&

കണ്ണൂർ മഴ- ഇൻട്രോ

കണ്ണൂർ ജില്ലയിൽ കനത്ത മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. ശക്തമായ കാറ്റിൽ മരങ്ങൾ കടപുഴകി പലയിടങ്ങളിലും നാശനഷ്ടം ഉണ്ടായി. കണ്ണൂർ സർവ്വകലാശാല നാളെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി വെച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാപ്രതിനിധി കെ ഒ ശശിധരൻ..

(വോയിസ്)

&&&&&&&&&&&&&&&&&&

ഇടുക്കി മഴ

കാറ്റിലും മഴയിലും ഇടുക്കിയിൽ വ്യാപക നാശനഷ്ടം. തൊടുപുഴയ്ക്ക് സമീപം വിവിധയിടങ്ങളിൽ ഏക്കർ കണക്കിന് റബ്ബർ കൃഷി ഉൾപ്പെടെ നശിച്ചു. വൈദ്യുതി തൂണുകൾ കടപുഴകി പ്രദേശത്ത് മണിക്കൂറുകളായി

RIU TVPM

വൈദ്യുതി ബന്ധം നിലച്ചിരിക്കുകയാണ്. മലങ്കര ഡാമിൽ നിന്നും കൂടുതൽ വെള്ളം പുറത്തേക്കൊഴുക്കാൻ തുടങ്ങി. തൊടുപുഴ, മുവാറ്റുപുഴ നദീ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

സാമ്പ്രാണികൊടി

കൊല്ലം ജില്ലയിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ച സാഹചര്യത്തിൽ എല്ലാവരും മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കലക്ടർ എൻ ദേവിദാസ് അറിയിച്ചു. പ്രളയ - മണ്ണിടിച്ചിൽ സാധ്യതാ മേഖലകളിലുള്ളവർ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറാനും നിർദ്ദേശം നൽകി. സാമ്പ്രാണികൊടി വിനോദസഞ്ചാര കേന്ദ്രത്തിൽ ബോട്ട് സർവീസ് നിർത്തിവച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

കോരപ്പുഴ- ജാഗ്രതാ നിർദ്ദേശം

കോഴിക്കോട് ജില്ലയിലെ കോരപ്പുഴയിൽ ജലനിരപ്പ് ഉയരുന്നതിനാൽ തീരത്ത് താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശം. നദികളിൽ ഇറങ്ങാനോ മുറിച്ചു കടക്കാനോ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

അഫാൻ ആത്മഹത്യാശ്രമം

വെഞ്ഞാറമൂട് കൂട്ടക്കൊലകേസ് പ്രതി അഫാൻ പൂജപ്പുര ജയിലിൽ ആത്മഹത്യക്ക് ശ്രമിച്ചു. യുടി ബ്ലോക്കിലെ ശുചിമുറിയിലാണ് ജീവനൊടുക്കാൻ ശ്രമിച്ചത്. ഉടൻ തന്നെ

RNUTVPM

ഇയാളെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നിലവിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. 5 പേരെ കൂട്ടക്കൊല ചെയ്ത കേസിലെ പ്രതിയായ അഫാൻ വിചാരണത്തടവുകാരനാണ്.

&&&&&&&&&&&&&&&&&&

ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 231 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ചെന്നൈ നിശ്ചിത ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 230 റൺ നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഗുജറാത്ത് ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 13.5 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 110 റൺ നേടിയിട്ടുണ്ട്. രാത്രി 7:30 ന് ഡൽഹിയിൽ നടക്കുന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&

&&&